# Malayala Manorama
# 25 August 2018
# Cinematography in the Camps

## ക്യാംപുകളിൽ സിനിമാസദ്യ

പറവൂർ ● ദുരിതാശ്വാസ ക്യാംപുകളിൽ കഴിയുന്നവർക്ക് ഓണസദ്യയൊരുക്കി 'സിനിമാക്കൂട്ടം'. നഗരത്തിലെ അഞ്ചു ദുരിതാശ്വാസ ക്യാംപുകളിലെ 5000 പേർക്കാണു ചലച്ചിത്ര മേഖലയിൽ പ്രവർത്തിക്കുന്ന പറവൂരിലെ കലാകാരന്മാർ സദ്യ വിളമ്പിയത്.

പുല്ലങ്കുളം ശ്രീനാരായണ ഹയർ സെക്കൻഡറി സ്കൂൾ, പറവൂർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ, സമൂഹം ഹൈസ്കൂൾ, മരിയ തെരേസ സക്രില്ലി പബ്ലിക് സ്കൂൾ, നന്ത്യാട്ടുകുന്നം എസ്എൻവി സംസ്കൃത ഹയർ സെക്കൻഡറി സ്കൂൾ എന്നിവിടങ്ങളിലായിരുന്നു ഓണസദ്യ. സദ്യയൊരുക്കുന്നതിനാവശ്യമായ വസ്തുക്കൾ സിനിമാക്കൂട്ടം പ്രവർത്തകർ വാങ്ങി നൽകി.

ദുരിതാശ്വാസ ക്യാംപുകൾക്കു മേൽനോട്ടം വഹിക്കുന്നവരും പാചകക്കാരും അന്തേവാസികളും ചേർന്നു സാമ്പാർ, തോരൻ, മെഴുക്കുവരട്ടി, അച്ചാർ, പപ്പടം, പഴം, പായസം അടങ്ങുന്ന വിഭവ സമൃദ്ധമായ സദ്യയൊരുക്കി. അഞ്ചു ക്യാംപുകളിലും ഒരേതരത്തിലുള്ള ഭക്ഷണമാണു വിളമ്പിയത്. ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ ഓണസദ്യ കലക്ടർ മുഹമ്മദ് സഫിറുല്ലയുടെ ഭാര്യ ആസിയ യാസ്മിൻ ഉദ്ഘാടനം ചെയ്തു.പുല്ലങ്കുളം ശ്രീനാരായണ ഹയർ സെക്കൻഡറി സ്കൂൾ മുറ്റത്ത് ഏവരും ചേർന്നു പൂക്കളമൊരുക്കി. ദുരിതാശ്വാസ ക്യാംപിൽ കഴിയുന്നവർക്കായി പറവൂർ അംബേദ്കർ പാർക്കിൽ ചലച്ചിത്ര, ഹാസ്യ താരങ്ങൾ അണിനിരന്ന കലാപരിപാടികൾ അരങ്ങേറി. സലിംകുമാർ, ധർമജൻ ബോൾഗാട്ടി, വിനോദ് കെടാമംഗലം, പാഷാണം ഷാജി, സുബി, സാജു കൊടിയൻ, വിഷ്ണു ഉണ്ണിക്കൃഷ്ണൻ, വിപിൻ ജോർജ്, പ്രമോദ് മാള, നടി സ്വാസിക, സംവിധായകരായ സുഗീത്, അനിൽ ചിത്രു, ഗായകൻ ഒ.യു. ബഷീർ എന്നിവർ പരിപാടികൾക്കായി എത്തിയിരുന്നു.